പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4943 23/03/2018-ൽ മറുപടിയ്ക്ക്

പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്കായി നിലവിൽ എന്തെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | 2017-18 വർഷം പി.വി.ടി.ജി (സി.സി.ഡി) പ്ലാനിൽ ഉൾപ്പെടുത്തി 7 കോടി രൂപയുടെ പ്രൊപ്പോസൽ അനുമതി ലഭ്യമാക്കുന്നതിനായി 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പി.വി.ടി.ജി മേഖലകളിൽ ജീവനോപാധി പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി 2 കോടി രൂപയും, കുടിവെള്ള പദ്ധതിയ്ക്കായി 1 കോടി രൂപയും, കോളനികളിൽ സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിന് 4 കോടി രൂപയും ഉൾപ്പെടെയുള്ള പ്രൊപ്പോസലാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. അനുമതി ലഭിച്ചുകൊണ്ടുള്ള അറിയിപ്പുകളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | വകുപ്പിൽ ഇതിനു മുൻപ് ഇവർക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; പ്രാക്തന ഗോത്ര വർഗ്ഗങ്ങൾക്കായി മുൻപ് നടപ്പിലാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുടർ പ്രവർത്തനം വകുപ്പ് മുഖേന നടത്തി വരുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ബി) | പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസനത്തിനായി 2008-09 സാമ്പത്തിക വർഷത്തിൽ സി.സി.ഡി പ്ലാനിൽ 9.60 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിരുന്നു. ഇതിൽ 50% തുക ഭവന നിർമ്മാണത്തിനും, 50% തുക ജീവനോപാധി പ്രവർത്തനങ്ങൾക്കുമായാണ് വകയിരുത്തിയത്. ഇതു കൂടാതെ പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിനും, സമഗ്ര പുരോഗതിയ്ക്കും വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ച് പി.വി.ടി.ജി. പ്രോജക്ട് എന്ന പേരിൽ (2011-2016) ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പി.വി.ടി.ജി |

| | | | |
|---|---|---|---|
| | | | പദ്ധതിയ്ക്കായി 133.20 കോടി രൂപ കേന്ദ്രസഹായവും 7.83 കോടി രൂപ സംസ്ഥാന സഹായവും ഉൾപ്പെടെ ആകെ 141.03 കോടി രൂപ ലഭിച്ചിരുന്നു. ഇതു കൂടാതെ പി.വി.ടി.ജി. വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാരിന്റെ 100 ശതമാനം ധനസഹായത്തിൽ ഉൾപ്പെടുത്തി കൺസർവേഷൻ കം ഡെവലപ്പ്മെന്റ് (സി.സി.ഡി) പദ്ധതിയും പി.വി.ടി.ജി. പ്രോജക്ടിന്റെ ഭാഗമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. സി.സി.ഡി പദ്ധതിയ്ക്കായി 12.10 കോടി രൂപ ലഭിച്ചിരുന്നു. പി.വി.ടി.ജി. പദ്ധതിയുടെ കാലാവധി 31/03/2016-ൽ അവസാനിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ